പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3097 — 13.03.2018-ലെ മറുപടിക്ക്

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയെ മാതൃക ഡിപ്പോ ആക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ആൻസലൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയെ മാതൃക ഡിപ്പോ ആക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | വരുമാനവർദ്ധനവ് ലക്ഷ്യമിട്ട് സംസ്ഥാന അടിസ്ഥാനത്തിൽ 17 ഡിപ്പോകളെ മാതൃകാ ഡിപ്പോകളായി 2016-ൽ തെരഞ്ഞെടുക്കുകയും, ടി ഡിപ്പോകളുടെ സർവ്വീസ് ഓപ്പറേഷന് കൃത്യമായും കാര്യക്ഷമമായും നടത്തുന്നതിന് ചീഫ് ഓഫീസ് തലത്തിൽ നേരിട്ട് മേൽനോട്ടം വഹിച്ചിരുന്നതുമാകുന്നു. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം സിറ്റി, പേരൂർക്കട, വിഴിഞ്ഞം, വെള്ളറട എന്നീ ഡിപ്പോകളെയാണ് മാതൃകാ ഡിപ്പോകളായി ഉയർത്തുന്നതിന് തീരുമാനിച്ചിരുന്നത്. നിലവിലുള്ള സംവിധാനങ്ങളും ലഭ്യമായ വിവരങ്ങളും ഉപയോഗിച്ച് കൃത്യമായും കാര്യക്ഷമമായും സർവ്വീസുകൾ യൂണിറ്റ് തലത്തിൽ ഓപ്പറേറ്റ് ചെയ്യുന്നതിനാണ് ഈ പദ്ധതിയിലൂടെ നിർദ്ദേശിച്ചിരുന്നത്. ടി പദ്ധതി പ്രകാരം നെയ്യാറ്റിൻകര യൂണിറ്റിനെ തെരഞ്ഞെടുത്തിട്ടില്ലാത്തതും ഈ പദ്ധതി പ്രകാരമുള്ള തുടർ നടപടികൾ നിലവിലില്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത ഡിപ്പോയെ മികച്ച ഡിപ്പോ ആക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള പദ്ധതികൾ ആണ് ആവിഷ്കരിക്കുന്നത്; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും പുതിയ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് കൂടുതൽ കളക്ഷൻ ലഭിക്കാൻ സാധ്യതയുള്ളതെന്ന് വിശദമാക്കാമോ; | (സി) | സൂപ്പർഫാസ്റ്റ് ബസ്സുകൾ ഉപയോഗിച്ചുള്ള ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | മാതൃക ഡിപ്പോയായി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ 2018 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | (എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**